## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5557** **18.11.2019** - ൽ മറുപടിയ്ക്ക്

### <u>എൻഡോസൾഫാൻ ദുരിത ബാധിതരുമായി ബന്ധപ്പെട്ട പഠനത്തിന് വിദേശ ഫണ്ട്</u>

<u>ചോദ്യം</u>

ശ്രീ.എം.സി.കമറുദ്ദീൻ

<u>മറുപടി</u>

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത പരിഹാരസെല്ലിന്റെ ചുമതല ഉണ്ടായിരുന്ന ഡോ.മുഹമ്മദ് അഷീലിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതൊക്കെ സ്ഥാപനത്തിന്റെ ചുമതലകളാണ് നൽകിയിട്ടുള്ളത്; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ, NIPMR എന്നീ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ചുമതല നൽകിയിട്ടുണ്ട്. |
| (ബി) | ഈ ഉദ്യോഗസ്ഥൻ അമേരിക്കയിലെ ഗ്ലോബൽ ഗ്രീൻ ഗ്രാന്റ്സ് ഫണ്ട് എന്ന സംഘടനയിൽ നിന്ന് ആയിരത്തി ഒരുന്നൂറ്റി അൻപത് ഡോളർ കൈപ്പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സർക്കാർ അനുമതിയോടെയാണോ; ആണെങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) യും (സി) യും (ഡി) യും (ഇ) യും. | ഇത് സംബന്ധിച്ച് എൻഡോസൾഫാൻ കമ്പനികളുടെയും (Pesticide Manufacture and Formulation Association) മറ്റുള്ളവരുടെയും പരാതിയിന്മേൽ 2011 അവസാനത്തിൽ സംസ്ഥാന ഇന്റലിജൻസ് ബ്യൂറോ (IB) അന്വേഷണം നടത്തിയിട്ടുണ്ട്.<br>തുടർന്ന് 2016-ൽ പ്ലാന്റേഷൻ കോർപ്പറേഷൻ സംരക്ഷണ സമിതിയുടെ പരാതിയിന്മേൽ സംസ്ഥാന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയും അന്വേഷണം നടത്തിയിട്ടുണ്ട്. മേൽ പറഞ്ഞ അന്വേഷണങ്ങളിൽ ആരോപണത്തിൽ കഴമ്പില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സർക്കാർ അനുമതി ലഭിക്കാതെ സ്വന്തം ബാങ്ക് അക്കൗണ്ടിലേക്ക് വിദേശ പണം കൈപ്പറ്റിയ ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | എൻഡോസൾഫാൻ ദുരിത ബാധിതരുമായി ബന്ധപ്പെട്ട പഠനം | | |

| | | | |
|---|---|---|---|
| | നടത്തുന്നതിനും വിവരശേഖരണത്തിനുമായി വിദേശ ഫണ്ട് സ്വീകരിക്കാൻ ആർക്കൊക്കെ അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | വിദേശഫണ്ട് കൈപ്പറ്റിയതിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസി; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ